(സി) ഇതുസംബന്ധിച്ച പദ്ധതി സർക്കാർ സമർപ്പിച്ചിട്ടില്ല.

(ഡി) സർവ്വകലാശാല സംവിധാനത്തിന് കീഴിൽ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാൽ സംസ്ഥാനം ഒന്നാകെ ഒരു അടിസ്ഥാന യൂണിറ്റെന്ന നിലയിൽ ഗവേഷണം, കൺസൾട്ടിംഗ്, ഇൻഡസ്ട്രി പാർട്ട്ണർഷിപ്പ് എന്നിവയിലൂടെയുള്ള ധനസമാഹരണം ഉൾപ്പെടെ വിദഗ്ദ്ധമായ ആസൂത്രണം ആവശ്യമാണ്. രാജ്യത്തെ 33 ശതമാനം സർവ്വകലാശാലകളും 51 ശതമാനം കോളേജുകളും നിലവിലുള്ള യു.ജി.സി. നിയമപ്രകാരമുള്ള ധനസഹായത്തിന്റെ പരിധിക്കു പുറത്താണ്. കൂടാതെ സംസ്ഥാന സർക്കാർ മുഖേന ധനസഹായം നൽകുന്നതിനോ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനല്ലാതെ കൗൺസിൽ പോലെയുള്ള സ്ഥാപനങ്ങൾ മുഖേന സഹായം നൽകുന്നതിനോ യു.ജി.സി.-ക്ക് കഴിയുന്നില്ല. യു.ജി.സി. സഹായം സർവ്വകലാശാല ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകുന്നതിനാൽ ഇതുസംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുന്നില്ല. സംസ്ഥാനമൊന്നാകെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ രീതി തടസ്സം സൃഷ്ടിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ധനസഹായ സ്ഥാപനമെന്ന നിലയിൽ യു.ജി.സി.-ക്കുള്ള പരിമിതികൾ മറികടക്കുന്നതിന് അനേകം സ്ഥാപനങ്ങൾക്ക് സഹായം നൽകുകയും സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പദ്ധതികൾ സംയോജിതമായി ആസൂത്രണം ചെയ്യുന്നതിന് കഴിയുന്ന ഒരു സ്ഥാപനംവഴി ധനസഹായം നൽകുന്ന രീതിയായിരിക്കും റൂസ അവലംബിക്കുക.

(ഇ&എഫ്) ഇല്ല. പ്രാഥമിക, ദ്വിതീയ വിദ്യാഭ്യാസ മേഖലകളിൽ ശക്തമായ അടിത്തറപാകിയ സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാദ്ധ്യമിക ശിക്ഷാ അഭിയാൻ മാതൃകയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ. സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ എന്നിവ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. റൂസ ഒരു ദേശീയ പദ്ധതിയായതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി ഇതിൽനിന്നു മാറിനിൽക്കാൻ കഴിയില്ല. മാത്രമല്ല കോടിക്കണക്കിന് രൂപയുടെ കേന്ദ്രസഹായം നഷ്ടപ്പെടുന്നതിനും ഇടയാക്കും. ഇതുസംബന്ധിച്ച് പഠനം നടത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഉന്നതവിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി

**98 (2958)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 3

(ബി) സംസ്ഥാനത്തെ ഏതെല്ലാം കോളേജുകൾക്കാണ് "അക്കാഡമിക് സ്വയംഭരണാവകാശം" നൽകാൻ തീരുമാനിച്ചിട്ടുള്ളത് ; ഏതെല്ലാം പഠനങ്ങൾക്കനുസൃതമായാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടത് ; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ ;

(സി) അത്തരം "അക്കാഡമിക് സ്വയംഭരണാവകാശം" ലഭ്യമായ കോളേജുകളുടെമേൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് എന്തെല്ലാം അധികാരങ്ങൾ ആണ് ഉണ്ടാവുക ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വികസനത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ അധിക കഴിവ് സ്വായത്തമാക്കൽ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ഫ്ളെയർ, പൊതുപ്രവേശന പരീക്ഷാ പദ്ധതി എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഉദ്ഗ്രഥനം ലക്ഷ്യമിട്ട് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ Higher Education 2.0-Illumine the future എന്ന പേരിൽ പദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം, മഹാരാജാസ് കോളേജ് എറണാകുളം എന്നീ സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനായി യു.ജി.സി.-ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളുടെ പേര് ചുവടെ ചേർക്കുന്നു :

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി
4. സെന്റ് തെരേസാസ് കോളേജ്, എറണാകുളം
5. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
6. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
7. ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട.
8. സെന്റ്തോമസ് കോളേജ്, തൃശ്ശൂർ
9. എം.ഇ.എസ്. കോളേജ്, മാമ്പാട്
10. ഫാറോക്ക് കോളേജ്, കോഴിക്കോട്.
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്.

യു.ജി.സി.-യുടെ മാർഗ്ഗ നിർദ്ദേശങ്ങളോടൊപ്പം സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊഫ. എൻ. ആർ. മാധവമേനോൻ

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടേയും അടിസ്ഥാനത്തിലാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള തീരുമാനം സ്വീകരിച്ചിട്ടുള്ളത്. പഠന റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം സ്വയംഭരണ കോളേജുകളിലെ ഗവേണിംഗ് കൗൺസിൽ സമർപ്പിക്കുന്ന കോഴ്സുകൾ സംബന്ധിച്ച ശുപാർശകളിന്മേൽ അന്തിമ തീരുമാനം സ്വീകരിക്കുന്നത് സർവ്വകലാശാലകളായിരിക്കും. സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ കോഴ്സുകൾ നിരസിക്കുന്നതിന് സർവ്വകലാശാലകൾക്ക് അധികാരം നൽകിയിട്ടുണ്ട്. യു.ജി.സി. അനുവദിക്കുന്ന സ്വയംഭരണ പദവി കോളേജുകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി സർവ്വകലാശാല സിൻഡിക്കേറ്റിനോ അല്ലെങ്കിൽ സിൻഡിക്കേറ്റ് രൂപീകരിക്കുന്ന വിദഗ്ദ്ധ സമിതിക്കോ കോളേജിൽ പരിശോധന നടത്തുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. കൂടാതെ, സ്വയംഭരണ കോളേജുകളിലെ ഫീസ് ഘടന, പരീക്ഷാ നടത്തിപ്പ്, വിദ്യാഭ്യാസ നിലവാര തകർച്ച എന്നിവയെക്കുറിച്ചോ മറ്റേതെങ്കിലും തരത്തിലോ ഉള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ ആയതിനെക്കുറിച്ച് അന്വേഷണം നടത്തി സ്വയംഭരണ അംഗീകാര സമിതിയെ അറിയിക്കുന്നതിനുള്ള അധികാരവും സർവ്വകലാശാലകൾക്കുണ്ടായിരിക്കും.

## കോളേജുകൾക്ക് സ്വയംഭരണാവകാശം

**99 (2959)** ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് കോളേജുകളുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അത് എന്തൊക്കെയാണെന്നതിന്റെ വിശദാംശം നൽകാമോ ?

### ഉത്തരം

സ്വയംഭരണ കോളേജുകൾക്കുള്ള യു.ജി.സി.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് പുറമേ സംസ്ഥാനത്തെ ഉന്നതനിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠനം നടത്തി പ്രൊഫ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടേയുംകൂടി അടിസ്ഥാനത്തിലാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനമെടുത്തിട്ടുള്ളത്. സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകൾ അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ചുവരുന്നവയായിരിക്കണം. 'NAAC'-ന്റെ 'എ'

LIBRARY ARCHIVES Kerala Legislative Assembly